# THE ORTHODOX CHRISTIAN YOUTH MOVEMENT

St. Thomas Bhavan, Old Seminary Road, Chungam, Kottayam. Phone : 0481 2583997

ബഹു. അച്ചാ/പ്രിയ സഹോദരങ്ങളെ,

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 2017-18 പ്രവർത്തന വർഷത്തിൽ കേരളത്തിന് അകത്തും പുറത്തും വിദേശത്തും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വന്ദ്യരായ യൂണിറ്റ് പ്രസിഡന്റുമാർ, ഭാരവാഹികൾ, അംഗങ്ങൾ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ കേന്ദ്ര-ഭദ്രാസന സമിതി അംഗങ്ങൾ എല്ലാവരേയും നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തനവർഷത്തിൽ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. എല്ലാ നന്മകളും സർവ്വശക്തനായ ദൈവം ഒരുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പുതിയ പ്രവർത്തന വർഷാരംഭത്തിൽ ചില പ്രധാന കാര്യങ്ങൾ അറിയിക്കട്ടെ.

**1. യൂണിറ്റ് തെരഞ്ഞെടുപ്പ്, രജിസ്ട്രേഷൻ**

യൂണിറ്റ് തെരഞ്ഞെടുപ്പ് യഥാസമയം പൂർത്തീകരിച്ച് ഏപ്രിൽ 1 മുതൽ പ്രവർത്തനങ്ങൾ ആരംഭിക്കണം. വിദേശത്തെ ചില യൂണിറ്റുകൾ ജനുവരി 1 മുതൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. OCYM എന്ന പേരിൽ നമ്മുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളും കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റുകൾ 2018-19 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കണം. രജിസ്ട്രേഷൻ ഫീസ് ഇന്ത്യയ്ക്കകത്ത് യൂണിറ്റിന് 350 രൂപയും ഇന്ത്യയ്ക്ക് പുറത്ത് 4000 രൂപയുമാണ്. 2018 ജൂൺ 30 ന് മുമ്പായി എല്ലാ യൂണിറ്റുകളും രജിസ്റ്റർ ചെയ്യത്തക്ക വിധത്തിൽ ഓൺലൈൻ മുഖാന്തിരമോ, കേന്ദ്ര ഓഫീസിൽ നേരിട്ടോ ഭദ്രാസന വാർഷിക സമ്മേളനത്തിൽ ചെയ്യുന്നതിനോ കഴിയുന്നതാണ്. ഇതോടൊപ്പം ചേർത്തിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ യൂണിറ്റ് പ്രസിഡന്റ് ഭാരവാഹികൾ, അംഗങ്ങൾ എന്നിവരുടെ പേരുകൾ, ഫോൺ നമ്പർ എന്നിവയും, വിവരങ്ങൾ യഥാസമയം അറിയിക്കുവാൻ **യൂണിറ്റ് സെക്രട്ടറിയുടെ പൂർണ്ണമായ മേൽവിലാസം, പിൻകോഡ്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി.** സഹിതം നൽകണം.യൂണിറ്റ് രജിസ്റ്റർ ചെയ്യുവാൻ പ്രസിഡന്റ്, സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**2. 2018-19 വർഷത്തെ ചിന്താവിഷയം, മാർഗ്ഗരേഖ**

ഈ വർഷത്തെ പ്രധാന ചിന്താവിഷയം **ക്രിസ്തുവിൽ വേരൂന്നി വളരുക** (Rootted and Built up in Christ) കൊലോ 2:7 എന്നതാണ്. ഈ ചിന്താവിഷയത്തെ അടിസ്ഥാനമാക്കി വി.വേദപുസ്തക പഠനത്തിനും വി. വേദപുസ്തക പരിചയത്തിനും ഈ വർഷം പ്രാധാന്യം നൽകണം. യൂണിറ്റ്-ഭദ്രാസന-കേന്ദ്ര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പ്രവർത്തന മാർഗ്ഗരേഖ ഇതോടൊപ്പം അയയ്ക്കുന്നു. അതിനനുസൃതമായി പതിവ് പ്രവർത്തനങ്ങളോടൊപ്പം കാര്യങ്ങൾ ക്രമീകരിക്കണം.

**3. 82-ാം മത് രാജ്യാന്തര സമ്മേളനം 2018 മെയ് 11,12,13 തിരുവനന്തപുരത്ത്**

ദൈവഹിതമായാൽ പ്രസ്ഥാനത്തിന്റെ 82-ാമത് രാജ്യാന്തര സമ്മേളനം 2018 മെയ് 11,12,13 എന്നീ തീയതികളിൽ തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഹോളി ട്രിനിറ്റി ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടക്കുകയാണ്. ഓരോ ഇടവക യൂണിറ്റിൽ നിന്നും യുവതികൾ ഉൾപ്പെടെ 2 പ്രതിനിധികൾ അത് യൂണിറ്റിന്റെ പ്രധാനപ്പെട്ട ഭാരവാഹികളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നത് ഉചിതമാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ ആയിരിക്കും. അഭി. പ്രസിഡന്റ് തിരുമേനിയുടെ കല്പനയും ബഹു.വികാരിമാർക്ക് ഇതോടൊപ്പം അയയ്ക്കുന്നു. വാർഷിക സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്ന ഭദ്രാസനത്തിന് ഭംഗിയായി കാര്യങ്ങൾ ക്രമീകരിക്കുന്നതിന് കേന്ദ്രകമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ രാജ്യാന്തര സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രതിനിധികളും 2018 ഏപ്രിൽ 30 ന് മുമ്പ് ഭദ്രാസന സെക്രട്ടറിമാർ മുഖാന്തിരമോ കേന്ദ്ര ഓഫീസിൽ നേരിട്ടോ നമ്മുടെ ഔദ്യോഗിക വെബ്സൈറ്റായ www.ocymonline.org യിലോ indianocym@gmail.com ലോ രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യുന്നവർ ക്യാമ്പിൽ പങ്കെടുക്കുമ്പോൾ ഫീസ് അടച്ചാൽ മതി.

ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

ക്യാമ്പിൽ തികഞ്ഞ അച്ചടക്കം പുലർത്തണം.

പ്രതിനിധികൾ വി. വേദപുസ്തകം കൊണ്ടുവരണം.

മുഴുവൻ സമയവും പങ്കെടുക്കുന്ന 2 പ്രതിനിധികളെ അയയ്ക്കണം.

വനിതാ പ്രതിനിധികൾക്ക് പ്രത്യേക താമസ സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

പ്രതിനിധികൾ ബെഡ്ഷീറ്റ് കൊണ്ടുവരണം.

ക്യാമ്പിന്റെ പ്രോഗ്രാം നോട്ടീസ് ഭദ്രാസന ഭാരവാഹികൾ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റ് സെക്രട്ടറിമാർ എന്നിവർക്ക് അയച്ചുകൊടുക്കുന്നതാണ്.ക്യാമ്പിൽ യൂണിറ്റ് രജിസ്ട്രേഷൻ നടത്തുന്നതിന് ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

2018 മെയ് 11, 12, 13 തീയതികളിൽ യൂണിറ്റ് തലത്തിലും പ്രത്യേകിച്ച് ഭദ്രാസന തലത്തിലും മറ്റ് പരിപാടികൾ നടത്തുവാൻ പാടുള്ളതല്ല.

ക്യാമ്പിന്റെ അനുഗ്രഹീത നടത്തിപ്പിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കുവാൻ പ്രതിനിധികളെ അയയ്ക്കുകയും ചെയ്യണമെ. ഭദ്രാസന വാർഷിക സമ്മേളനങ്ങൾ ഏപ്രിൽ, മെയ് മാസത്തിൽ നടത്തി റിപ്പോർട്ട്, കണക്കുകൾ എന്നിവ മെയ് 30ന് മുമ്പായി കേന്ദ്ര ഓഫീസിൽ നൽകുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം.

പുനരുത്ഥാനത്തിന്റെ ശക്തി അനുഭവിച്ച് അറിയുവാൻ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ...........

പ്രാർത്ഥനയോടെ,

**ഫാ. അജി കെ. തോമസ്** (94963 67840)
ജനറൽ സെക്രട്ടറി

## ദൈവകൃപയാൽ
## നിരണം ഭദ്രാസന മെത്രാപ്പോലീത്തായും
## അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡന്റുമായ
## യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും

OCYMK : 1/2018

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹവികാരിമാരും ദേശത്ത് പട്ടക്കാരും പള്ളി കൈസ്ഥാനികളും യുവജനപ്രസ്ഥാനം ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പുതിയ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. എല്ലാ നന്മകളും അനുഗ്രഹങ്ങളും ദൈവം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം ***ക്രിസ്തുവിൽ വേരൂന്നി വളരുക*** (Rootted and Built up in Christ) കൊലോ 2:7 എന്നതാണ്. അടുത്ത ഒരു വർഷക്കാലം നടത്തേണ്ട പ്രവർത്തന രൂപരേഖയും ഇതോടൊപ്പം അയയ്ക്കുന്നു. അതിനനുസൃതമായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. പ്രസ്ഥാനത്തിന്റെ ഭരണഘടനയ്ക്ക് വിധേയമായി എല്ലാ ഇടവകകളിലും യൂണിറ്റുകൾ ഉണ്ടാകുവാനും ആയത് 2018 ജൂൺ 30-ാം തീയതിയ്ക്ക് മുമ്പായി കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുവാനും ബഹു. വികാരിമാരും ചുമതലപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കണം. രജിസ്ട്രേഷൻ ഫീസ് ഇന്ത്യയിൽ 350 രൂപയും ഇന്ത്യയ്ക്ക് പുറത്ത് 4000 രൂപയുമാണ്.

ദൈവഹിതമായാൽ പ്രസ്ഥാനത്തിന്റെ 82-ാമത് രാജ്യാന്തര സമ്മേളനം **2018 മെയ് 11, 12, 13** തീയതികളിൽ തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഹോളി ട്രിനിറ്റി ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തുകയാണ്. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഓരോ യൂണിറ്റിൽ നിന്നും വനിത ഉൾപ്പെടെ രണ്ട് പ്രതിനിധികളെ പള്ളിച്ചെലവിൽ വികാരിയുടെ കത്തോടുകൂടി അയയ്ക്കണം. ഒരാൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും. സമ്മേളനത്തിന്റെ വിശദവിവരങ്ങൾ പ്രസ്ഥാനം ജനറൽ സെക്രട്ടറി അജി കെ.തോമസച്ചൻ സർക്കുലർ മുഖേന അറിയിക്കുന്നതാണ്. കോൺഫറൻസിന്റെ ക്രമീകരണങ്ങൾക്കായി പങ്കെടുക്കുന്നവർ ഏപ്രിൽ 30 ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. എല്ലാറ്റിന്റേയും അനുഗ്രഹത്തിനായി പ്രത്യേകം പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ

**യുഹാനോൻ മാർ ക്രിസോസ്റ്റമോസ്**
**മെത്രാപ്പോലീത്ത**

2018 മാർച്ച് 20-ാം തീയതി
കോട്ടയം സെന്റ് തോമസ് ഭവനിൽ നിന്നും